LIBRARY ARCHIVES Kerala Legislative Assembly

മധുരക്കള്ള് ഉൽപ്പാദനം

*19 [79] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേര വൃക്ഷങ്ങളിൽ നിന്ന് മധുരക്കള്ള് ഉൽപ്പാദിപ്പിക്കുന്നതിന് ചെറുകിട കർഷകരെ പ്രോത്സാഹിപ്പിക്കാൻ കൃഷി വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുമോ;

(ബി) 2003 മേയിൽ കേരളത്തിൽ നടന്ന അന്താരാഷ്ട്ര നാളികേര ശിബിരം മധുരക്കള്ള് ഉൽപ്പാദനത്തിന് കർഷകർക്ക് അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ശുപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് മധുരക്കള്ളിൽ നിന്നുള്ള പഞ്ചസാര നിർമ്മാണം പൊതുമേഖലയിലോ സഹകരണ മേഖലയിലോ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇക്കാര്യത്തിൽ എം. എസ്. സ്വാമിനാഥൻ കമ്മീഷൻ നൽകിയ ശുപാർശകളിൻമേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഇതു സംബന്ധിച്ച് പദ്ധതികൾ ഒന്നും ആവിഷ്കരിക്കാൻ തീരുമാനമെടുത്തിട്ടില്ല.

(ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) റിപ്പോർട്ടിന്റെ പകർപ്പ് ബന്ധപ്പെട്ട വകുപ്പുകൾക്ക് നടപടിക്കായി നൽകിയിട്ടുണ്ട്. പരിശോധനയ്ക്ക് ശേഷം തീരുമാനമെടുക്കുന്നതാണ്.

വ്യാജവാറ്റും വ്യാജമദ്യ വില്പനയും സ്പിരിറ്റ് കടത്തും തടയാൻ നടപടി

*20 [80] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
,, വി. ചെന്താമരാക്ഷൻ :
,, സാജു പോൾ :
,, വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വ്യാജ വാറ്റും വ്യാജ മദ്യ വില്പനയും തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും വൻതോതിൽ സ്പിരിറ്റ് കടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലേക്ക് വൻതോതിലുള്ള സ്പിരിറ്റ് ഒഴുക്ക് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) സ്പിരിറ്റ് കടത്തിയത് സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര വാഹനങ്ങൾ കസ്റ്റഡിയിലെടുത്തിട്ടുണ്ട്;

(ഇ) അനധികൃതമായി കൊണ്ടുവന്ന എത്ര ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) സംസ്ഥാനത്ത് വ്യാജമദ്യ ഉൽപ്പാദനവും വില്പനയും തടയുന്നതിനായി എക്സൈസ് വകുപ്പ് ഒറ്റയ്ക്കും മറ്റ് ബന്ധപ്പെട്ട വകുപ്പുമായി ചേർന്നും കർശനമായ റെയിഡുകൾ നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. വ്യാജമദ്യ വിപണനം ഫലപ്രദമായി തടയുന്നതിനായി ഒരു പന്ത്രണ്ടിന പരിപാടിക്ക് രൂപം നല്കി ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ നടപ്പാക്കിവരുന്നു. ജില്ലകളിൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ നിലവിലുണ്ട്. പൊതുജനങ്ങളുടെ പരാതിയും മറ്റ് രഹസ്യ വിവരങ്ങളും ലഭിക്കുന്ന മുറയ്ക്ക് സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ബ്ലോക്ക്-ജില്ലാതല സമിതികളും പൊതുജന പങ്കാളിത്തത്തോടെ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഇവയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിനുമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു സ്റ്റേറ്റ് തല സമിതിയും രൂപീകരിച്ചിട്ടുണ്ട്. മദ്യവിപത്തിനെതിരെ ബോധവല്ക്കരണം നടത്തുന്നതിന് ഊന്നൽ നല്കുകയും അതിനായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് സർക്കാർ ധനസഹായവും നല്കുന്നുണ്ട്.

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് സ്പിരിറ്റ് കടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ ചെക്ക് പോസ്റ്റുകളിലും കൂടുതൽ ജീവനക്കാരെ നിയമിച്ച് ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഉദ്യോഗസ്ഥരെ മൂന്നു മാസം കൂടുമ്പോൾ മാറ്റി നിയമിക്കുന്നുണ്ട്. കൂടാതെ രാത്രികാല പട്രോളിംഗും വാഹന പരിശോധനയും ശക്തമാക്കി ആവശ്യമായ സമയങ്ങളിൽ മിന്നൽ പരിശോധന നടത്തിയും സ്പിരിറ്റിന്റെ ഒഴുക്ക് തടയുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്പിരിറ്റ് കടത്തുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് 70 വാഹനങ്ങളും പോലീസ് വകുപ്പ് 82 വാഹനങ്ങളും കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്.

(ഇ) എക്സൈസ് വകുപ്പ് 181704.2 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുക്കുകയും 84 അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പോലീസ് വകുപ്പ് 1,47,879.430 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുക്കുകയും 133 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

അടിസ്ഥാന വിത്തിനങ്ങളുടെ കരുതൽ ശേഖരം സ്ഥാപിക്കാൻ നടപടി

*21 [81] ശ്രീ. കളത്തിൽ അബ്ദുള്ള :
,, പി. കെ. കെ. ബാവ :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണമേന്മ നിർണ്ണയം ചെയ്ത അടിസ്ഥാന വിത്തിനങ്ങളുടെ കരുതൽ ശേഖരം സ്ഥാപിക്കാൻ എന്തെല്ലാം നടപടികളാണ് നടത്തിയിട്ടുള്ളത്;

(ബി) ഏതെല്ലാം ഇനം വിത്തുകളാണ് ഈ ശേഖരത്തിൽ ഉൾപ്പെടുന്നത്;

(സി) സംസ്ഥാനത്ത് എവിടെയെല്ലാം ഇവയുടെ വിതരണത്തിനായി കേന്ദ്രങ്ങൾ തുറന്നിട്ടുണ്ട്;

(ഡി) വിത്തുകൾ വിതരണത്തിനു സ്വീകരിച്ചിട്ടുള്ള നടപടിക്രമം എന്താണ് എന്ന് വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഗുണമേന്മ നിർണ്ണയം ചെയ്ത അടിസ്ഥാന വിത്തിനങ്ങളുടെ കരുതൽ ശേഖരത്തിനായി സ്റ്റേറ്റ് സീഡ് അതോറിറ്റി, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സീഡ് ഫാം, നാഷണൽ സീഡ്സ് കോർപ്പറേഷൻ എന്നിവയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരള കാർഷിക സർവ്വകലാശാല മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തിനങ്ങൾ ഈ ശേഖരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ നെല്ലിനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) കൃഷിഭവനുകൾ, സ്റ്റേറ്റ് സീഡ് അതോറിറ്റി, നാഷണൽ സീഡ്സ് കോർപ്പറേഷൻ തുടങ്ങിയവ വഴി ഗുണമേന്മയുള്ള വിത്ത് വിതരണം ചെയ്തു വരുന്നു.

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly